**മധുരമായ കുട്ടികളേ- ശിവജയന്തി ഉത്സവം ഏറ്റവും വലിയ ഉത്സവമാണ്. ഇതിനെ നിങ്ങൾ കുട്ടികൾ വളരെ ഗംഭീരമായി ആഘോഷിക്കണം, ഇതിലൂടെ മുഴുവൻ ലോകത്തിലും ബാബയുടെ അവതരണസന്ദേശമെത്തിച്ചേരും.**

**ചോദ്യം:-** നിങ്ങൾ കുട്ടികൾക്ക് ഏതൊരു കാര്യത്തിൽ അലസത വരാൻ പാടില്ല? അഥവാ അലസത വരുന്നുണ്ടെങ്കിൽ അതിന്റെ കാരണമെന്താണ്?

**ഉത്തരം:-** പഠനത്തിൽ അല്ലെങ്കിൽ യോഗത്തിൽ നിങ്ങൾക്ക് അല്പം പോലും അലസത വരാൻ പാടില്ല. എന്നാൽ ചില കുട്ടികൾ ചിന്തിക്കുന്നു-എല്ലാവരും ഇപ്പോൾ വിജയമാലയിൽ വരില്ല, എല്ലാവരും രാജാവാകില്ല- അങ്ങനെ അലസരായി മാറുന്നു. പഠനത്തിൽ ശ്രദ്ധ കൊടുക്കുന്നില്ല. എന്നാൽ ആർക്കാണോ ബാബയോട് പൂർണമായും സ്നേഹമുള്ളത് അവർ വളരെ കൃത്യമായി പഠിക്കും. ഒരിക്കലും അലസത വരില്ല.

**ചോദ്യം:-** പോകെപ്പോകെ ചില കുട്ടികളുടെ അവസ്ഥ ചാഞ്ചാടിക്കൊണ്ടിരിക്കുന്നതിന്റെ കാരണമെന്താണ്?

**ഉത്തരം:-** എന്തുകൊണ്ടെന്നാൽ ബാബയെ മറന്ന് ദേഹഅഹങ്കാരത്തിൽ വരുന്നു. ദേഹാഹങ്കാരം കാരണം പരസ്പരം വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. അവരുടെ പെരുമാറ്റം കാണുമ്പോൾത്തന്നെ മനസിലാകും-ഇവർ ദേവതയൊന്നുമാകാൻ പോകുന്നില്ല. കാമക്രോധത്തിന് വശീഭൂതരാകുന്നു.

**ഓം ശാന്തി**. എല്ലാ ബ്രാഹ്മണർക്കും അറിയാം-ഏറ്റവും മുഖ്യമായത് ശിവജയന്തിയാണെന്ന്. ഈ കാലത്ത് ജന്മദിനം എല്ലാവരുടെയും ആഘോഷിക്കുന്നുണ്ട്. എന്നാൽ ശിവജയന്തിയുടെ സംവത്സരങ്ങളെക്കുറിച്ച് ആർക്കുമറിയില്ല. മനുഷ്യരുടെ വാർഷികങ്ങൾ പാടിക്കൊണ്ടിരിക്കും. ക്രൈസ്റ്റിന്റെ വർഷങ്ങളെക്കുറിച്ച് ചോദിക്കുകയാണെങ്കിൽ പെട്ടെന്നു പറയും. അവരുടെയും ജന്മദിനം ആഘോഷിക്കുന്നുണ്ട്. നിങ്ങൾ മുൻപ് ശിവജയന്തി ഇത്രയും ഗംഭീരമായി ആഘോഷിച്ചിരുന്നില്ല. ഇപ്പോൾ കുട്ടികൾക്ക് ചിന്തയുണ്ടായിരിക്കണം-ലോകത്തിന് എങ്ങനെ മനസിലാക്കിക്കൊടുക്കണം-എന്തുകൊണ്ടെന്നാൽ ഇപ്പോൾ ശിവജയന്തി വരാൻ പോവുകയാണ്. അതുകൊണ്ട് വളരെ ഗംഭീരമായി ഈ ശിവജയന്തി ആഘോഷിക്കൂ- ഇതിലൂടെ ലോകം മുഴുവനുമറിയണം. പരിശ്രമം ചെയ്യണം. എല്ലാ കുട്ടികൾക്കും എങ്ങനെയാണ് മനസിലാകുന്നത്-മുഴുവൻ ലോകത്തിന്റെയും രചയിതാവിന്റെ ജയന്തിയാണ്, ആ ശിവബാബ ഈ സമയത്ത് ഇവിടെയുണ്ട്. കുട്ടികൾക്ക് എങ്ങനെയാണ് അറിയുക, പത്രങ്ങൾ ഒരുപാട് ഇറക്കിയിട്ടുണ്ട്. അതിനെയാണ് പറയുന്നത് അഡ്വർടൈസ്മെന്റ്. ഇതിലൂടെ പേര് പ്രസിദ്ധമാകും. പത്രത്തിന്റെ ചിലവും വളരെയുണ്ട്. ഇപ്പോൾ ശിവജയന്തിയെക്കുറിച്ച് എല്ലാവർക്കും മനസിലാകണം. നിങ്ങൾക്ക് മുഴുവൻ ലോകത്തിന്റെയും ഉത്തരവാദിത്വമുണ്ട്. ബാബയുടെ പരിചയം എല്ലാവർക്കും കൊടുക്കണം. പാടപ്പെട്ടിട്ടുണ്ട്-കുട്ടികൾ വീടുവീടു തോറും ബാബയുടെ സന്ദേശമെത്തിച്ചു; ബാബ വന്നിരിക്കുന്നു, ആർക്ക് സമ്പത്ത് എടുക്കണമോ വന്ന് എടുത്തുകൊള്ളൂ. എന്നാൽ എടുക്കുന്നത് അവർ മാത്രമാണ്-ആരാണോ കല്പം മുൻപ് എടുത്തിട്ടുള്ളത്. ആത്മാവ് അറിയുന്നുമുണ്ട്, ഇപ്പോൾ എല്ലാവർക്കും അറിയുകയാണെങ്കിൽ വരും. എന്തുകൊണ്ടെന്നാൽ മറ്റുള്ള ധർമങ്ങളിലേക്ക് ധാരാളം പേർ പരിവർത്തനപ്പെട്ട് പോയിട്ടുണ്ട്. നിങ്ങളും സ്വയത്തെ ദേവീദേവതയാണെന്നു മനസിലാക്കിയിരുന്നോ? ശൂദ്രധർമ്മത്തിലായിരുന്നു. ഇപ്പോൾ നിങ്ങൾക്ക് മനസിലാക്കിത്തന്നിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് മനസിലാക്കാനും കഴിയും-നമ്മളെ ആരാണ് പഠിപ്പിക്കുന്നത്. എന്നാൽ ഇടക്കിടെ മറന്നുപോവുകയാണ്. അതുകൊണ്ടുതന്നെ അവരുടെ അവസ്ഥയും അങ്ങനെത്തന്നെയിരിക്കുന്നു. ദേവതയാകാൻ യോഗ്യരാവുന്നതേയില്ല. കാമത്തിന്റെ ഭൂതം അഥവാ ദേഹാഭിമാനത്തിന്റെ ഭൂതമുള്ളതുകൊണ്ട് ബാബയെ ഓർമിക്കാനേ കഴിയുന്നില്ല. ദേഹീഅഭിമാനിയാകുമ്പോഴേ ബാബയെ ഓർമിക്കാൻ കഴിയൂ. ബാബയോട് സ്നേഹവുമുണ്ടായിരിക്കണം, പഠനത്തിൽ കൃത്യതയുണ്ടായിരിക്കണം. ഇത് വളരെ വിലപിടിച്ച ജ്ഞാനരത്നങ്ങളാണ്. ഇതിന്റെ വളരെയധികം ലഹരിയുണ്ടായിരിക്കണം. ഭൗതികമായ പഠിത്തത്തിലും രജിസ്റ്റർ ഉണ്ടായിരിക്കും. അതിൽ സ്വഭാവവും കാണിക്കുന്നുണ്ട്-ഗുഡ്,ബെറ്റർ,ബെസ്റ്റ്....ഇവിടെയും അങ്ങനെയാണ്. ചിലർക്ക് ഒന്നും തന്നെ മനസിലാവുന്നില്ല. ബാബയുടെ കുട്ടിയായി മാറി ബാബയുടെ അടുത്തിരിക്കുന്നുമുണ്ട്. എന്നാൽ വീട്ടിലിരിക്കുന്നവരുടെയാണ് പലരുടെയും പെരുമാറ്റം നല്ലതായിരിക്കുന്നത്. എന്നാലും സേവനമൊക്കെ ചെയ്യുന്നുണ്ട്; മുഖ്യമായ കാര്യം സേവനം തന്നെയാണ്. വിജയമാലയിലും കോർക്കപ്പെടുന്നത് അവർ തന്നെയാണ്. ബാക്കി പ്രജകളിൽ വരും. പ്രജകൾ വളരെപ്പേരുണ്ട്. ചിലർ വലിയ വലിയ വീടുകളിൽ ജന്മമെടുക്കുന്നുണ്ട്. അതുകൊണ്ട് അവർക്ക് എല്ലാവരും അഭിനന്ദനങ്ങളയക്കുന്നു. ബാക്കി ലോകത്തിൽ അനേകർ ജന്മമെടുത്തുകൊണ്ടിരിക്കു

ന്നുണ്ട്. നിങ്ങൾ ബാബയുടെ അവകാശികളായി മാറിയിരിക്കുന്നു. അതുകൊണ്ട് ആ പരിധിയില്ലാത്ത ബാബയുടെ ജന്മദിനം ആഘോഷിക്കുക തന്നെ വേണം. ധാരാളം പേർ അറിയാൻ എന്ത് ചെയ്യണം? ഈ ചിന്ത സദാ ഉണ്ടായിരിക്കണം. ഏതു പ്രകാരത്തിലുള്ള സേവനം ചെയ്യണം–ആരാണോ കല്പം മുമ്പ് ബ്രാഹ്മണകുലഭൂഷണരായിരുന്നത്–അവർ വീണ്ടും വരണം. യുക്തികൾ രചിച്ചുകൊണ്ടേയിരിക്കണം.

ബാബ പറയുന്നു–വർത്തമാന പത്രത്തിലല്ലാതെ ബാക്കിയൊക്കെ ബുദ്ധിമുട്ടാണ്. വർത്തമാനപത്രം നാനാഭാഗത്തേക്കും പോകുന്നുണ്ട്. പത്രത്തിന്റെ 2–4 പേജെടുക്കണം. സിൽവർ ജൂബിലി ആഘോഷിക്കുമ്പോൾ 2–4 പേജുകൾ വേണ്ടിവരുന്നതുപോലെ. അതൊക്കെ സാധാരണ ചില്ലിക്കാശിന്റെ സിൽവർജൂബിലിയാണ് ആഘോഷിക്കുന്നത്. നിങ്ങളുടെ ഈ ഗോൾഡൻ ജൂബിലി ഏറ്റവും വ്യത്യസ്തമായതാണ്. എപ്പോഴും ആഘോഷിക്കുന്നത് ഗോൾഡൻ ജൂബിലിയും സിൽവർ ജൂബിലിയുമാണ്. കോപ്പർ, അയേൺ ജൂബിലി ആരും ആഘോഷിക്കുന്നില്ല. 50 വർഷം തികയുമ്പോൾ അതിനെ ഗോൾഡൻ ജൂബിലി എന്നു പറയും. ഇപ്പോൾ നിങ്ങൾക്ക് ബാബയുടെ ജയന്തിയാണ് ആഘോഷിക്കേണ്ടത്. ഇതിലൂടെ എല്ലാവർക്കും മനസിലാവും. പത്രത്തിൽ രണ്ടു പേജെഴുതിയാലും നല്ലതാണ്. വളരെ പേർക്ക് മനസിലാകണം. സമയം വളരെ നിർണ്ണായകമായി വരികയാണ്. അല്ലെങ്കിൽ പിന്നീട് വൈകിപ്പോകും. ഇപ്പോൾ ശിവജയന്തിക്കുവേണ്ടി മുൻകൂട്ടിത്തന്നെ തയ്യാറെടുക്കണം. പത്രത്തിൽ രണ്ടു പേജെടുത്ത് അതിൽ ത്രിമൂർത്തിയുടെയും വൃക്ഷത്തിന്റെയും പിന്നെ ഇപ്പോഴത്തെ ചില പോയിന്റുകളും എഴുതണം. ഗംഗാസ്നാനം കൊണ്ട് സദ്ഗതിയൊന്നുമുണ്ടാവില്ല. ഏതുപോലെ 4 പേജുള്ള ഫോൾഡറുകളുണ്ടല്ലോ, അതേപോലെ അകത്തും പുറത്തും എഴുതണം. ഇറങ്ങുന്ന കലയും ഉയരുന്ന കലയും ഉള്ള ചിത്രങ്ങൾ മുഖ്യമായും ഉണ്ടായിരിക്കണം. ചിന്തിക്കണം–ഏതെല്ലാമാണ് മുഖ്യചിത്രങ്ങൾ–ശരിക്കും ദുർഗതിയിലായിരിക്കുന്നുവെന്ന് മനുഷ്യർ മനസിലാക്കണം. ബാബ കുട്ടികളുടെ ശ്രദ്ധ ആകർഷിപ്പിക്കുകയാണ്–തീർച്ചയായും വിചാരസാഗരമഥനം ചെയ്യണം. ഈ കാര്യത്തിൽ വളരെ കുറച്ചു കുട്ടികളേ ശ്രദ്ധിക്കുന്നുള്ളൂ. 4–5 ആയിരം ചെലവായാലും സാരമില്ല. കുറേ കുട്ടികളുണ്ട്–പല തുള്ളി പെരുവെള്ളമാകും. നിങ്ങൾക്കറിയാം–ആഗാഖാനെ രത്നങ്ങളിൽ തുലാഭാരം തൂക്കിയത്. അതൊന്നും ഒന്നുമല്ല. ഇത് മംഗളകാരിയായ ബാബയാണ്. അതെല്ലാം വികാരത്തിനു വേണ്ടിയാണ് പൈസ പോകുന്നത്. നിങ്ങൾ കുട്ടികളെ ഈ വികാരത്തിൽ നിന്ന് മുക്തമാക്കുകയാണ്. മനുഷ്യനിൽ നിന്ന് ദേവതയാക്കുകയാണ്. നിങ്ങളിൽ കാമത്തിന്റെ ഹിംസയുമില്ല. ക്രോധത്തിന്റെ ഹിംസയുമില്ല. അതുകൊണ്ട് പത്രങ്ങളിൽ 4–5 പേജ് തീർച്ചയായും എടുക്കണം. ആരാണോ സർവീസബിൾ ആയിട്ടുള്ള കുട്ടികൾ , അവർ മനസിലാക്കുന്നു–സർവീസ് ചെയ്യുകയാണെന്ന്. പ്രദർശനി, പ്രൊജക്ടറിനു വേണ്ടി ചിത്രമുണ്ടാക്കുകയാണ്, ആരുടെ ബുദ്ധിയാണോ പ്രവർത്തിക്കുന്നത് അവർക്കു വേണ്ടി ബാബ പറഞ്ഞുമനസിലാക്കിത്തരികയാണ്. ബാബ പറയുന്നു–ധൈര്യം കുട്ടികളുടേതാണ്. സഹായിക്കാൻ ബാബയുണ്ട്. ആരാണോ ബുദ്ധിവാന്മാരായ കുട്ടികൾ അവർ പെട്ടെന്ന് പത്രത്തിൽ കൊടുക്കാൻ വേണ്ടി മാറ്റർ എഴുതിത്തയ്യാറാക്കും. പത്രത്തിൽ എന്തെങ്കിലും കൊടുക്കുന്നുണ്ടെങ്കിൽ അവർക്ക് ദൃഷ്ടിയും കൊടുക്കണം. ഇനി ശിവജയന്തിക്ക് രണ്ട് രണ്ടര മാസമുണ്ട്. നിങ്ങൾക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യാൻ സാധിക്കും. രണ്ടു നാലു പത്രങ്ങളിൽ കൊടുക്കണം–ഹിന്ദിയും ഇംഗ്ലീഷും മുഖ്യമാണ്. ഈ രണ്ടിലും എഴുതിക്കൊടുക്കണം. ശിവജയന്തി ഈ രീതിയിൽ ആഘോഷിക്കുന്നതാണ് ശരി. മുഴുവൻ ലോകത്തിന്റെയും അച്ഛന്റെ ബർത്ഡേയാണ്. ഇതെല്ലാവരുമറിയണം. പത്രങ്ങൾ ദൂരദൂരങ്ങളിലേക്കു പോകുന്നുണ്ട്. വിവേകശാലികളായ എഡിറ്റർമാരുണ്ടായിരിക്കും, ധാർമികചിന്താഗതികളുള്ളവരുണ്ടായിരിക്കും–അവർ പൈസയൊന്നും വാങ്ങിക്കില്ല. ഇതെല്ലാവരുടെയും മംഗളത്തിനു വേണ്ടിയാണ്–അതുകൊണ്ട് കുറച്ചു ചിലവേ വരൂ. ധൈര്യം കുട്ടികളുടെ–സഹായം ബാബയുടെ. ഇങ്ങനെയൊക്കെ ചിന്തിക്കണം. മനുഷ്യർക്കിതൊന്നുമറിയില്ല–മംഗളമെന്ന് എന്തിനെയാണ് പറയുന്നത്. എന്തിനെയാണ് പറയുന്നത്? മംഗളത്തിനുള്ള നിർദേശം ആർക്കാണ് നൽകാൻ സാധിക്കുക? ഇതൊന്നും ആർക്കുമറിയില്ല. നിങ്ങൾ കുട്ടികൾക്കു മാത്രമേ അറിയൂ. നിങ്ങളിലും വളരെ കുറച്ചുപേരേ വിജയമാലയിൽ വരൂ. ബാക്കി എല്ലാവരും പ്രജകളാകും. ഇത് രാജയോഗമാണ്. രാജപദവി പ്രാപ്തമാക്കുന്നതിനു വേണ്ടി. പഠിനത്തിൽ അഥവാ യോഗത്തിൽ അലസത കാണിക്കുകയാണെങ്കിൽ രാജപദവിയൊന്നും ലഭിക്കില്ല. പരിധിയുണ്ട്–ഇത്ര രാജാക്കന്മാർ ഉണ്ടാവണം. കൂടുതൽ ഒരിക്കലുമുണ്ടാവില്ല. ആരാണോ നല്ല ചിന്തകരായിട്ടുള്ളത് അവരെ പെട്ടെന്ന് മനസിലാകും–ഇവർ രാജകുലത്തിലേക്ക് വരേണ്ടവരാണോ അല്ലയോ എന്ന്. അതുകൊണ്ട് ഇപ്പോൾ സെന്ററുകളിൽ നിർദേശങ്ങൾ കൊടുക്കുന്നു. വലിയ വലിയ കടകൾ ബാബക്ക് വളരെയുണ്ട്. എല്ലാ സെന്ററും ഒരേപോലെ നടക്കില്ല. ചില മാനേജർമാർ നല്ലതായിരിക്കും. അപ്പോൾ കടയും നന്നായി നടക്കും. ചിലർക്ക് ഗ്രഹപ്പിഴയുണ്ടാവും. അതുകൊണ്ട് നല്ല നല്ലവർ പോലും തോറ്റുപോകുന്നു. ബാബ പറയുന്നു–ഇപ്പോൾ ദിവസം അടുത്തുവന്നുകൊണ്ടിരിക്കുകയാണ്. യുദ്ധത്തിന്റെ തയ്യാറെടുപ്പും നടക്കുന്നുണ്ട്. ക്ഷാമം വരും. വളരെ കുറച്ചു സമയമേയുള്ളൂ. യോഗം ചെയ്യുന്നതിൽ വളരെ പരിശ്രമമുണ്ട്. യോഗത്തിലൂടെയാണ് വികർമം വിനാശമാകുന്നത്. അഥവാ

യോഗത്തിലിരുന്ന് ഗോൾഡൻ ഏജു വരെ എത്തിയില്ലെങ്കിൽ റോയൽ കുടുംബത്തിൽ വരാൻ സാധിക്കില്ല. പ്രജകളിലേക്ക് പോകും. നല്ല പുരുഷാർത്ഥികളൊരിക്കലും ഇങ്ങനെ പറയില്ല-എന്താണോ ഭാഗ്യത്തിലുള്ളത് അതു ലഭിക്കും. ഡ്രാമയനുസരിച്ച് ഇങ്ങനെയൊക്കെ ചിന്തിക്കുന്നവർ പ്രജകളിൽ പോയി വേലക്കാരായി മാറും-പദവി ഉയർന്നതാവണമെങ്കിൽ പരസ്യങ്ങളൊക്കെ കൊടുക്കണം. അല്ലെങ്കിൽ കുറ്റപ്പെടുത്തും-അതുകൊണ്ടാണ് പത്രത്തിലൊക്കെ കൊടുക്കുന്നത്. നമ്മുടെ ചിത്രങ്ങളും പിന്നെ മുഖ്യമുഖ്യകാര്യങ്ങളും എഴുതണം. ത്രിമൂർത്തി സൃഷ്ടിചക്രം എല്ലാം കൊടുക്കണം. ഇറങ്ങുന്ന കല, ഉയരുന്ന കലയുടെ ചിത്രങ്ങളും കൊടുക്കണം. ഭാരതം സ്വർഗമായിരുന്നു, ഭാരതം തന്നെയാണ് നരകമാകുന്നതും. സ്വർഗത്തിൽ എത്ര സമയമിരിക്കുന്നു? ഇപ്പോൾ ബാബ ഡയറക്ഷൻ തന്നുകൊണ്ടിരിക്കുന്നു. അഥവാ ആരെങ്കിലും മുരളി മുടക്കുകയാണെങ്കിൽ നിർദ്ദേശമെന്താണെന്നറിയില്ല. സഹായികളാവാനും സാധിക്കില്ല.

ബാബ ചോദിച്ചുകൊണ്ടിരിക്കുന്നു-ഈ മാറ്റർ തയ്യാറാക്കിയോ? വിവേകശാലി കുട്ടികളുടെ മഹിമ എവിടെയും പാടുന്നുണ്ട്. ചിലർ വളരെ ബുദ്ധിമുട്ടിക്കുന്നുണ്ട്. ദേഹാഭിമാനിയായി മാറുന്നു. സെന്ററിന്റെ ഹെഡായി മാറി ദേഹാഭിമാനത്തിൽ വന്നുവെങ്കിൽ അവർ മരിച്ചു. ബാബക്കൊരിക്കലും അഹങ്കാരം വരില്ല. ബാബ പറയുന്നു- ഞാൻ അനുസരണയുള്ള സേവകനാണ്. നോക്കൂ-ഇവിടെ വളരെ വലിയ വലിയ വർ വരുന്നു. അവർ കാണുന്നു-എല്ലാവരും സ്വയം പാത്രം കഴുകുന്നത്. അതുകൊണ്ട് സ്വയം അവരും കഴുകാൻ തുടങ്ങുന്നു. എന്നാൽ ചിലർക്ക് ദേഹാഹങ്കാരം വരുന്നു. പ്ലേറ്റും സ്പൂണും കഴുകാൻ സാധിക്കുന്നില്ല. ഇങ്ങനെ ദേഹാഭിമാനമുള്ളവർ വീണുപോകുന്നു. തന്റെ അമംഗളം ചെയ്തുകൊണ്ടിരിക്കുന്നു. ബാബ ആരിൽ നിന്നും സേവനമെടുക്കുന്നില്ല. ശിവബാബയ്ക്കാണെങ്കിൽ ശരീരവുമില്ല-സേവനം ചെയ്യിക്കുന്നതിന്. ബാബ സേവനം ചെയ്യുകയാണ്. ബാബ ദേഹീഅഭിമാനിയാകാൻ പഠിപ്പിക്കുകയാണ്. അമ്മയെയും അച്ഛനെയും കുട്ടികളൊരിക്കലും പാത്രം കഴുകാനനുവദിക്കാറില്ല. എന്നാൽ അച്ഛനമ്മമാരോടു അസൂയ പാടില്ല. ആദ്യം അവരെപ്പോലെയായിത്തീരണം. അവരും നിങ്ങളോടൊപ്പം പഠിക്കുകയാണ്-എന്നാൽ നിയമമനുസരിച്ച് സാക്ഷാത്കാരമുണ്ടായിക്കൊണ്ടിരിക്കും-ആദ്യത്തെ നമ്പറിൽ ഇവർ പാസായി. സർവീസിന്റെ ലഹരി നല്ല പോലെ ഉണ്ടായിരിക്കണം. വീടുവീടാന്തരം ഗീതാപാഠശാല തുറക്കണം. എങ്കിൽ വൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കും. എഴുതിക്കൊടുക്കണം-വരൂ എങ്കിൽ നിങ്ങൾക്ക് നിങ്ങളുടെ പാരലൗകിക പിതാവിന്റെ പരിചയം തരാം. പരിധിയില്ലാത്ത അച്ഛനിൽനിന്ന് പരിധിയില്ലാത്ത സമ്പത്ത് എങ്ങനെയാണ് ലഭിക്കുന്നത്. അതു വന്ന് മനസിലാക്കൂ. ഒരു സെക്കന്റിൽ ജീവന്മുക്തി എങ്ങനെ ലഭിക്കും. അങ്ങനെയുള്ള ബുദ്ധിവാന്മാരാരും തന്നെയില്ല മനസിലാക്കാൻ കഴിയുന്നവർ. നിങ്ങളിലും നല്ല ജ്ഞാനമുള്ളവർ വളരെ കുറച്ചേയുള്ളൂ. ആർക്കാണോ ജ്ഞാനത്തിന്റെ ലഹരി കയറിയിട്ടുള്ളത് അവർ അവർക്കുള്ള നിർദേശങ്ങളെടുത്തുകൊണ്ടിരിക്കും. സ്ലോഗനെക്കുറിച്ചുള്ള വിവരണമെഴുതണം. ഡൽഹിയിലും ബോംബെയിലും വളരെ വിവേകശാലികളായ കുട്ടികളുണ്ട്. അവർക്ക് വളരെപ്പേരെ പരിചയമുണ്ട്. അവർക്കെല്ലാം ഈ കാര്യം ചെയ്യാൻ സാധിക്കും. എഡിറ്റേഴ്സിന് മനസിലാക്കിക്കൊടുക്കണം. അവരുടെ കയ്യിലും ഒരുപാട് പേരുണ്ടാവും. പകുതി ചാർജിന് ചെയ്തുതരും. കാൽചാർജിനും ചെയ്തുതരും. മതപരമായിട്ടുള്ള കാര്യം ഫ്രീ ആയും ചെയ്തുതരും. ബാബ നിർദേശം തരുന്നു-ഈ ശിവജയന്തി വളരെ ഗംഭീരമായി ആഘോഷിക്കണം. ഇങ്ങനെയുള്ള പ്രേരണകൾ വന്നിട്ടുണ്ട്. ചിലവിനെക്കുറിച്ച് ചിന്തിക്കേണ്ട കാര്യമില്ല. ചിത്രങ്ങളുണ്ടാക്കൂ. കളർ വീക്ക്ലികൾ ചെറുതായിരിക്കും. അതിൽ ചിത്രങ്ങൾ വളരെ ക്ലിയറായിരിക്കണം. ബാബ സർവീസബിളായ കുട്ടികൾക്ക് നിർദേശം തരികയാണ്. പിന്നെ സർവീസബിളായ കുട്ടികളേ പ്രതികരിക്കുകയും ചെയ്യൂ. ഐഡിയകൾ എഴുതും, മാറ്റർ തയ്യാറാക്കും, വ്യത്യസ്തമായ മാറ്റർ തയ്യാറാക്കി പത്രത്തിന്റെ കൂടെ അയക്കും. അതും പത്രക്കാരുമായി ബന്ധമുണ്ടാക്കാൻ സഹായിക്കും. പത്രത്തിന്റെ ഉള്ളിൽ നോട്ടീസുകളും വെച്ചു കൊടുക്കാം. മുമ്പ് ഇങ്ങനെ ബിറ്റ് നോട്ടീസുകൾ അച്ചടിച്ച് മറ്റുള്ളവരുടെ പരസ്യത്തിന്റെ പത്രത്തിൽ കൊടുക്കുമായിരുന്നു. ഇപ്പോൾ അതും ഒരു പക്ഷേ നിർത്തലാക്കിയിട്ടുണ്ട്. എന്നാൽ പുരുഷാർത്ഥം ചെയ്യുന്നതിലൂടെ എല്ലാം സാധിക്കും. അല്ലാതെ എങ്ങനെയാണ് മറ്റുള്ളവർക്ക് മനസിലാവുക-ത്രിമൂർത്തിശിവജയന്തിയെക്കുറിച്ച്. പ്രദർശനിയും 7 ദിവസം തുടരും. ശിവജയന്തിയുടെ ഒരു ദിവസമേയുള്ളൂ. അത് വളരെ ആർഭാടത്തോടെ ആഘോഷിക്കണം. ശരി

വളരെക്കാലത്തെ വേർപാടിന് ശേഷം തിരികെ ലഭിച്ച മധുര-മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യ സാരം:-**

1) ബാബയുടെ സഹായിയായി മാറി എല്ലാവർക്കും ബാബയുടെ പരിചയം കൊടുക്കുന്നതിനുള്ള യുക്തി രചിക്കണം. വിചാരസാഗരമഥനം ചെയ്യണം. ജ്ഞാനത്തിന്റെ ലഹരിയിലിരിക്കണം.

2) ദേഹാഭിമാനത്തെ ഉപേക്ഷിച്ച് ദേഹീഅഭിമാനിയായി മാറണം. തന്റെ സേവനം മറ്റുള്ളവരിൽ നിന്നെടുക്കരുത്. മമ്മാ-ബാബയോട് അസൂയ തോന്നരുത്. അവർക്ക് സമാനമായി മാറണം.

## വരാദനം:- സ്നേഹത്തിന്റെ ശക്തിയിലൂടെ പരിശ്രമത്തിൽ നിന്ന് മുക്തമാകുന്ന പരമാത്മാ സ്നേഹിയായി ഭവിക്കൂ

സ്നേഹത്തിന്റെ ശക്തി പരിശ്രമത്തെ സഹജമാക്കുന്നു, എവിടെ പ്രേമമുണ്ടോ അവിടെ പരിശ്രമമുണ്ടായിരിക്കില്ല. പരിശ്രമം ഉല്ലാസമായി മാറും. ഭിന്ന-ഭിന്ന ബന്ധനങ്ങളിൽ ബന്ധിതരായ ആത്മാക്കൾ പരിശ്രമം നടത്തുന്നു എന്നാൽ പരമാത്മാ സ്നേഹികളായ ആത്മാക്കൾ സഹജമായി തന്നെ പരിശ്രമത്തിൽ നിന്ന് മുക്തമാകുന്നു. ഈ സ്നേഹത്തിന്റെ വരാദാനം സദാ സ്മൃതിയിൽ ഉണ്ടായിരിക്കുകയാണെങ്കിൽ എത്ര തന്നെ വലിയ പരിസ്ഥിതിയാകട്ടെ, സ്നേഹത്തിൽ, പ്രേമത്തിൽ പരിസ്ഥിതിയാകുന്ന പർവ്വതം പരിവർത്തനപ്പെട്ട് ജലത്തിന് സമാനം ഭാരരഹിതമാകുന്നു.

## സ്ലോഗൻ:- സദാ നിർവ്വിഘ്നമായി കഴിയുക മറ്റുള്ളവരെയും നിർവ്വിഘ്നമാക്കുക - ഇതാണ് യഥാർത്ഥ സേവനം.